<u>15 -ാം കേരള നിയമസഭ</u>

<u>16 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 231</u> <u>24-02-2026 - ൽ മറുപടിയ്ക്ക്</u>

<u>മത്സ്യ വിത്തുൽപ്പാദന കേന്ദ്രങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എം.വിജിൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാരിന്റെ കാലയളവിൽ എത്ര മത്സ്യ വിത്തുൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്; ഇതിലേക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | ഉൾനാടൻ മത്സ്യകൃഷിയുടെ വികസനത്തിന് ഗുണമേന്മയുള്ള മത്സ്യവിത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി സർക്കാർ/ സർക്കാർ ഏജൻസികളുടെ ഉടമസ്ഥതയിലുള്ള ഹാച്ചറികൾ എന്നിവ മുഖേന വിവിധയിനം മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പ്പാദനം നടത്തി വരുന്നു. ഈ സർക്കാരിന്റെ കാലയളവിൽ പുതിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ഫാം/ഹാച്ചറിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. മത്സ്യഫെഡിന് കീഴിൽ കോട്ടയം ജില്ലയിൽ പാലായ്ക്കരി ഫിഷ് ഫാമിൽ പി.എം.എം.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ അടങ്കൽ തുകയായി Brackish water Finfish Hatcheryയുടെ നിർമ്മാണവും, മലപ്പുറം ജില്ലയിൽ വെളിയംകോട് ഹാച്ചറിയിൽ 50 ലക്ഷം രൂപ അടങ്കൽ തുകയായി Establishment of Small Marine Finfish Hatchery യുടെ നിർമ്മാണവും നടക്കുന്നുണ്ട്. മത്സ്യവിത്തിന്റെ വർദ്ധിച്ചു വരുന്ന ആവശ്യകത നിറവേറ്റുന്നതിനും മത്സ്യവിത്തുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും കർഷകരുടെ സഹകരണത്തോടെ കരിമീൻ, വരാൽ പിന്നാമ്പുറ മത്സ്യ വിത്തുല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നല്കി വരുന്നു. അതിൻ പ്രകാരം മുൻവർഷം 238 പുതിയ യൂണിറ്റുകൾ സ്ഥാപിക്കുകയും 521 യൂണിറ്റുകൾക്ക് തുടർ സഹായം നല്കുകയും ചെയ്തിട്ടുണ്ട് . |
| (ബി) | ഏതൊക്കെ ജില്ലകളിലാണ് പുതിയ മത്സ്യ വിത്തുൽപ്പാദന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളതെന്നും ഇവയിൽ പ്രവർത്തനം ആരംഭിച്ചതും നിർമ്മാണം | (ബി) | കൊല്ലം, ഇടുക്കി, എറണാകുളം, കോഴിക്കോട്, കോട്ടയം, മലപ്പുറം ജില്ലകളിലാണ് പുതിയ മത്സ്യ വിത്തുൽപാദന കേന്ദ്രങ്ങളുടെ നിർമാണ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. RIDF |

| | | | |
|---|---|---|---|
| | പുരോഗമിക്കുന്നതും ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ; | | പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ട് ഹാച്ചറിയിലെ നിർമാണ പ്രവർത്തനങ്ങൾക്കായി 1120 ലക്ഷം രൂപ അടങ്കൽ തുകയുടെ പദ്ധതിയും കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിൽ നൈൽ തിലാപ്പിയ ഹാച്ചറിയിലെ നിർമാണ പ്രവർത്തനങ്ങൾക്കായി 1121 ലക്ഷം രൂപ, ഇടുക്കി ജില്ലയിൽ ചെങ്കുളം ഹാച്ചറിയുടെ നിർമാണ പ്രവർത്തനങ്ങൾക്കായി 654.95 ലക്ഷം രൂപ, കോഴിക്കോട് ജില്ലയിലെ കല്ലാനോട് ഹാച്ചറിയിൽ 248.39 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും നടന്നു വരുന്നു.<br><br>മത്സ്യഫെഡിന്റെ കീഴിൽ കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന ഫിഷ് ഫാമിൽ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (പി.എം.എം.എസ്.വൈ) പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ അടങ്കൽ തുകയിൽ ഒരു Brackish Water Finfish Hatchery (കരിമീൻ വിത്തുല്പാദന കേന്ദ്രം) യുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു. കൂടാതെ ടി പദ്ധതിയിൽ മലപ്പുറം ജില്ലയിലെ മത്സ്യഫെഡിന്റെ വെളിയംകോട് ഹാച്ചറിയിൽ 50 ലക്ഷം രൂപ അടങ്കൽ തുകയിൽ ഒരു Small Marine Finfish Hatchery യുടെ നിർമ്മാണ പ്രവർത്തനങ്ങളും, പ്രസ്തുത ഹാച്ചറിയിൽ ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗമിച്ചു വരുന്നു.<br><br>270 ലക്ഷം രൂപ അടങ്കൽ തുകയുടെ മലമ്പുഴയിലെ നൈൽ തിലാപ്പിയ ഹാച്ചറി, 500 ലക്ഷം രൂപ അടങ്കൽ തുകയുടെ പുതിയങ്ങാടി മസ്സൽ & മറൈൻ ഫിൻഫിഷ് ഹാച്ചറി എന്നിവയുടെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നു. ആലപ്പുഴ ജില്ലയിലെ വളഞ്ഞവഴിയിലെ ആറ്റുകൊഞ്ച് ഹാച്ചറിയുടെ 176.2 ലക്ഷം രൂപ അടങ്കൽ തുകയുടെ പദ്ധതി പുരോഗമിക്കുന്നു. 154 ലക്ഷം രൂപ അടങ്കൽ തുകയുടെ നെയ്യാർ ഡാം ഓർണമെന്റൽ ഹബ്ബിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ രണ്ടാം ഘട്ടമായി 178.80 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.<br><br>സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കരിമീൻ, വരാൽ പിന്നാമ്പുറ മത്സ്യ വിത്തുല്പാദന യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കഴിഞ്ഞ നാല് വർഷങ്ങളിലായി ആകെ 1763 ലക്ഷം രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭ്യമാക്കി നടപ്പിലാക്കിയിട്ടുള്ളത്. |
| (സി) | കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ മത്സ്യ വിത്തുൽപ്പാദനം കാര്യക്ഷമമായി | (സി) | ഉണ്ട്. മത്സ്യകൃഷിക്കാവശ്യമായ മത്സ്യവിത്തിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള |

| | | | |
|---|---|---|---|
| | വർദ്ധിപ്പിക്കാനായിട്ടുണ്ടോ; വ്യക്തമാക്കാമോ? | | ഹാച്ചറികളുടെ നവീകരണത്തിനും പുതിയവയുടെ നിർമ്മാണത്തിനും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പുതിയ മത്സ്യവിത്ത് ഫാമുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിക്കൽ,നിലവിലുള്ളവയുടെ വികസനം എന്നിവക്കായി സംസ്ഥാന ബഡ്ജറ്റിലും ആർ.ഐ.ഡി.എഫ് ലും തുക വകയിരുത്തിയിട്ടുണ്ട്.<br><br>കഴിഞ്ഞ അഞ്ച വർഷ കാലയളവിൽ , സർക്കാർ ഫാം / ഹാച്ചറികളിലെ മത്സ്യ- ചെമ്മീൻ വിത്തുല്പാദനം (2021-22 സാമ്പത്തിക വർഷം) 1578.17 ലക്ഷത്തിൽ നിന്നും (2024-25 സാമ്പത്തിക വർഷം) 1749.1 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്. കൂടാതെ, കഴിഞ്ഞ 3 വർഷം കരിമീൻ, വരാൽ പിന്നാമ്പുറ മത്സ്യ വിത്തുല്പാദന യൂണിറ്റുകളിൽ നിന്നും 235 ലക്ഷം(രണ്ടു കോടി മുപ്പത്തിഅഞ്ചു ലക്ഷം) മത്സ്യ വിത്തുകൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ട് . ആ ഇനത്തിൽ ആകെ 17.63 കോടി രൂപയുടെ വരുമാനം ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ